കുടുംബശ്രീ
# പ്രതിധ്വനി

www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 33

# കുടുംബശ്രീയ്ക്ക് അസർബെയ്ജാന്റെ ആദരം

കുടുംബശ്രീയ്ക്ക് അസർബെയ്ജാൻ ഗവൺമെന്റിന്റെ ആദരം. അസർബെയ്ജാനിൽ കുടുംബശ്രീ മാതൃകയിലുള്ള സംവിധാനം രൂപീകരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിന് നൽകിയ സഹായവും പിന്തുണയും പരിഗണിച്ചാണിത്. പദ്ധതിയുടെ ഭാഗമായി രാജ്യത്ത് വനിതാ വികസനവും സംരംഭ സംഘങ്ങളും രൂപീകരിക്കുന്നതിനുള്ള ദ അസർബയ്ജാൻ റൂറൽ വുമൺസ് അസോസിയേഷൻ, സർക്കാർ അവാർഡ് സ്വന്തമാക്കിയിരുന്നു. ഈ അവാർഡ് ദാന ചടങ്ങിനിടെയാണ് പദ്ധതി പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ പങ്കിനെക്കുറിച്ചും പരാമർശമുണ്ടായത്.

കേരളത്തിന് പുറത്തേക്ക് കുടുംബശ്രീ മാതൃക എത്തിക്കുന്നതിനായി പ്രവർത്തിക്കുന്ന കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ (എൻആർഒ) നേതൃത്വത്തിലാണ് അസർബെയ്ജാനിൽ പ്രവർത്തനങ്ങൾ നടത്തിയത്. രാജ്യത്ത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മാതൃക പകർത്താൻ താത്പര്യപ്പെട്ട് 2017 ഒക്ടോബറിലാണ് അസർബെയ്ജാൻ കുടുംബശ്രീയെ സമീപിച്ചത്. അതിന് ശേഷം കുടുംബശ്രീയിൽ നിന്നുള്ള ഉദ്യോഗസ്ഥ സംഘം അടക്കമുള്ളവർ 2018 മാർച്ചിൽ അസർബെയ്ജാനിൽ സന്ദർശനം നടത്തുകയും ആദ്യ ഘട്ട പരിശീലനം നൽകുകയും ചെയ്തിരുന്നു. അതിന് തുടർച്ചയായി സെപ്റ്റംബറിലും രണ്ടാം ഘട്ട പരിശീലനം നൽകി.

അസർബെയ്ജാൻ റൂറൽ ഇൻവെസ്റ്റ്മെന്റ് പ്രൊജക്ടിനോട് (അസ്റിപ്) അനുബന്ധിച്ച് അയൽക്കൂട്ട മാതൃകയിൽ വനിതാ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പരിശീലനമാണ് ആദ്യ ഘട്ടത്തിൽ നൽകിയത്. ലഘുസമ്പാദ്യ പ്രവർത്തനങ്ങൾ, കണക്കുകൾ രേഖപ്പെടുത്തുന്നത് അടക്കമുള്ള കാര്യങ്ങളിലും അസ്റിപ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിരുന്നു.



ഈ ഉദ്യോഗസ്ഥർക്കൊപ്പം കുടുംബശ്രീ ഉദ്യോഗസ്ഥർ അസർബെയ്ജാനിലെ വിവിധ കേന്ദ്രങ്ങളിലെത്തി വിശദമായ പഠന ക്ലാസ്സുകളും നൽകിയിരുന്നു. ആദ്യ ഘട്ട പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ അസർബെയ്ജാനിൽ വനിതാ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു.

ലഘുസമ്പാദ്യ വിഭാഗത്തിൽ വായ്പകൾ നൽകുന്നതിലും ഉപജീവന മാർഗ്ഗ വികസന വിഭാഗത്തിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംഘങ്ങൾ രൂപീകരിക്കുന്നതിലും കേന്ദ്രീകരിച്ചാണ് രണ്ടാം ഘട്ടത്തിൽ പരിശീലനം നൽകിയത്. ഇതിനായി കുടുംബശ്രീ സൂക്ഷ്മ സംരംഭക കൺസൾട്ടന്റ്മാർക്ക് പരിശീലനം നൽകുന്ന ട്രീ സൊസൈറ്റിയിൽ നിന്നുള്ള രണ്ട് പ്രതിനിധികളും രണ്ടാം ഘട്ട പരിശീലനത്തിൽ പങ്കെടുത്തു.

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്ന സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യങ്ങൾക്ക് (എസ്ആർഎൽഎം) പിന്തുണയേകുന്നതിനായി 2012ലാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീയ്ക്ക് നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻആർഒ) പദവി നൽകുന്നത്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനങ്ങളും സംയോജിപ്പിക്കുന്നതിനുള്ള (പിആർഐ-സിബിഐ) പ്രവർത്തനങ്ങളും ഉപജീവന മാർഗ്ഗങ്ങൾക്കായുള്ള സംരംഭ വികസന പ്രവർത്തനങ്ങൾ എന്നിവയാണ് കുടുംബശ്രീ എൻആർഒ പ്രധാനമായും നടപ്പിലാക്കുന്നത്.




## ജയിൽ തടവുകാർക്കായി നേർവഴി




ജയിലിൽ തടവിൽ കഴിയുന്നവർക്ക് കൗൺസിലിങ്, ബോധവത്ക്കരണം, നിയമസഹായം, തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി നേർവഴിയെന്ന പദ്ധതിയുമായി കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷൻ. സ്നേഹിത മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ഇതാദ്യമായാണ് ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കുന്നത്. പോലീസ് വകുപ്പിന്റെ അനുമതിയോടെ നടത്തുന്ന പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ഹൊസ്ദുർഗ് സബ് ജയിലിൽ നടന്നു. ഹൊസ്ദുർഗ് ജില്ലാ ജയിലിന് ശേഷം അനുമതി ലഭിക്കുന്ന മുറയ്ക്ക് കാസർഗോഡ് സബ് ജയിൽ, ചീമേനി ഓപ്പൺ ജയിൽ എന്നിവിടങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കും.

എംഎസ്ഡബ്ല്യു യോഗ്യതയുള്ള കൗൺസിലർമാർ മാസത്തിൽ രണ്ട് തവണയാണ് ജയിലിലെത്തി സേവനങ്ങൾ നൽകുന്നത്. രാവിലെ 10 മുതൽ വൈകിട്ട് നാല് വരെയുള്ള സമയത്താകും സന്ദർശനം. സ്ത്രീ- പുരുഷ തടവുകാർക്ക് ഒരുപോലെയാകും സേവനങ്ങൾ നൽകുക. ആരും സഹായിക്കാനില്ലാത്ത സ്ത്രീകൾക്ക് നിയമസഹായം ലഭ്യമാക്കും. ഹൊസ്ദുർഗ് സബ് ജയിലിൽ നിന്ന് ജാമ്യം ലഭിച്ചിട്ടും പുറത്തിറക്കാൻ ആരും വരാത്തതിനാൽ ഒറ്റപ്പെട്ട സ്ത്രീക്ക് പദ്ധതി പ്രകാരം സഹായമേകിയിരുന്നു. ഇവരെ കാഞ്ഞങ്ങാട്ടുള്ള സ്നേഹിതയിൽ താമസിപ്പിക്കുകയും ജോലി ലഭിക്കുന്നതിന് സഹായിക്കുകയും ചെയ്തു. ഇത് പ്രകാരം ജയിലിന് പുറത്തിറങ്ങുന്ന തടവുകാർക്ക് പദ്ധതിയിലൂടെ തൊഴിൽ പരിശീലനവും തൊഴിൽ ലഭിക്കുന്നതിനുള്ള സഹായവും ചെയ്യും. തടവുകാരുടെ ഭാവി ജീവിതം മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ പരമമായ ലക്ഷ്യം. 13 കേസുകളാണ് ഇതിനോടകം നേർവഴി പദ്ധതിയിലൂടെ സ്നേഹിതയിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്.

## സംയോജനത്തിന്റെ ഉദാത്ത മാതൃകയായി
# ചെല്ലാനം ബഡ്സ് സ്കൂൾ

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിലെ കുട്ടികൾ ഇപ്പോൾ ഏറെ സന്തുഷ്ടരാണ്. ഇഷ്ട കാർട്ടൂൺ കഥാപാത്രങ്ങളുടെയും പ്രകൃതി ദൃശ്യങ്ങളുടെയും ചിത്രങ്ങൾ നിറഞ്ഞ ചുമരുകളും അടുക്കും ചിട്ടയുമുള്ള വൃത്തിയേറിയ മുറികളുമെല്ലാമുള്ള നല്ലൊരു കെട്ടിടത്തിലേക്ക് സ്കൂളിന്റെ പ്രവർത്തനം മാറിയതാണ് അവരെ സന്തോഷിപ്പിക്കുന്നത്. തീരദേശ ജനവാസ മേഖലയിലുള്ള കെട്ടിടത്തിലായിരുന്നു സ്കൂൾ അതുവരെ പ്രവർത്തിച്ചിരുന്നത്. അവിടെ പുതിയൊരു കെട്ടിടം പണിയാൻ അതിനാൽ തന്നെ തടസ്സങ്ങളും ഏറെയായിരുന്നു. സ്കൂളിന്റെ ദുരിതസ്ഥിതിയെക്കുറിച്ച് നിരവധി തവണ പരാതികൾ ഉയർന്നുവന്നെങ്കിലും ഈ ഒരു നിയമ പ്രശ്നം മൂലം അതിനൊരു പരിഹാരം കാണാൻ കഴിയാതെയും വന്നു.

ഇതിനിടയിലാണ് സ്കൂളിന്റെ പ്രവർത്തനം മറ്റൊരു പുതിയ വാടക കെട്ടിടത്തിലേക്ക് മാറ്റുന്നത്. കുടുംബശ്രീ എറണാകുളം ജില്ലാമിഷനിൽ സാമൂഹ്യ വികസന വിഭാഗത്തിന്റെയും ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ (ഡിഡിയുജികെവൈ) എന്ന നൈപുണ്യ പരിശീലന പദ്ധതിയുടെയും ചുമതല വഹിക്കുന്ന ബ്ലോക്ക് കോർഡിനേറ്ററായ ഡാനി വർഗീസ് സംയോജന ആശയത്തെക്കുറിച്ച് ആലോചിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തതോടെ കുട്ടികളുടെ സന്തോഷം ഇരട്ടിയായി. വാടക കെട്ടിടം മോടിപിടിപ്പിക്കുന്നതിനായി ഡിഡിയുജികെവൈ പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികളിലൊന്നായ പാലാരിവട്ടത്തെ കൈറ്റ്സ് സോഫ്ട്വെയേഴ്സിന്റെ സഹായം തേടുകയായിരുന്നു ഡാനി. ഇവിടെ അനിമേഷൻ കോഴ്സ് പഠിക്കുന്ന അബ്ദുൾ ജുബാബ്, അരുൺ, നാരായണൻ കുട്ടി, ലിനു ഫിലിപ്പ്, ഫ്രാൻസിസ്, സിജോയ്, മുഹമ്മദ് ഷിനാസ്, കെ.എ. അൽദുബ് എന്നിവർ ചേർന്ന് ഈ കെട്ടിടത്തിന്റെ ചുവരുകൾ ചിത്രങ്ങളാൽ അതിമനോഹരമാക്കി, അതും വെറും രണ്ട് ദിവസം കൊണ്ട്. ഇതിനാവശ്യമായ പെയിന്റും ബ്രഷും പോലുള്ള അവശ്യവസ്തുക്കൾ അടുത്തുള്ള കടകളിൽ നിന്ന് സ്പോൺസർഷിപ്പിലൂടെയും കണ്ടെത്തി. അങ്ങനെ രണ്ട് പദ്ധതികളുടെ ഫലപ്രദമായ സംയോജനത്തിന് പുതിയൊരു മാതൃക രചിക്കാനും ചെല്ലാനം ബഡ്സ് സ്കൂൾ - കൈറ്റ്സ് സംയോജനത്തിന് കഴിഞ്ഞു.



*പഴയ സ്കൂൾ*



*പുതിയ സ്കൂൾ*

# വീട്ടിൽ ഒരു ഡോക്ടർ പദ്ധതിക്ക് തുടക്കം

പത്തനംതിട്ട ജില്ലയിൽ സ്നേഹിതയുടെ ഭാഗമായി വീട്ടിൽ ഒരു ഡോക്ടർ പരിപാടിക്ക് തുടക്കം. എല്ലാ വീടുകളിലും പ്രഥമ ശുശ്രൂഷയെക്കുറിച്ച് അവബോധം ലഭിച്ച ഒരാൾ എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പുമായി ചേർന്നാണ് കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താത്ക്കാലിക അഭയവും നിയമസഹായവും കൗൺസിലിങ്ങും നൽകി വരുന്ന കുടുംബശ്രീയുടെ കേന്ദ്രങ്ങളാണ് സ്നേഹിത. ജില്ലയിലെ ഓരോ വാർഡിലെയും കുടുംബശ്രീ വിജിലന്റ് സംഘങ്ങളിലെ രണ്ട് പേർക്ക് ആദ്യ ഘട്ടത്തിൽ പരിശീലനം നൽകും. ഇവർ അയൽക്കൂട്ടങ്ങളിലെ ഓരോ അംഗങ്ങൾക്ക് വീതം പരിശീലനം നൽകും. രണ്ടാം ഘട്ടമായി അയൽക്കൂട്ട അംഗങ്ങൾക്കെല്ലാവർക്കും പരിശീലനം നൽകുകയും അങ്ങനെ ജില്ലയിലെ എല്ലാ കുടുംബങ്ങളിലും പ്രഥമ ശുശ്രൂഷയെക്കുറിച്ച് അവബോധമുള്ള ഒരാളുണ്ടാകുകയും ചെയ്യും.




ജില്ലയിലെ 920 വാർഡുകളിലെ രണ്ട് വീതം അംഗങ്ങൾക്ക് അതായത് 1840 പേർക്ക് ആദ്യ ഘട്ടത്തിൽ പരിശീലനം നൽകും. അവരിലൂടെ ജില്ലയിലുള്ള ആകെ 947 അയൽക്കൂട്ടങ്ങളിലെ 1,57,475 അംഗങ്ങൾക്കും പരിശീലനം നൽകും. ഇതിന്റെ ആദ്യഘട്ടമായി പുളിക്കീഴ് ബ്ലോക്കിൽ ചാത്തങ്കേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സഹായത്തോടെ പെരിങ്ങര, നെടുമ്പ്രം എന്നീ സിഡിഎസുകലിലെ വാർഡുകളിൽ നിന്നുള്ള വിജിലന്റ് അംഗങ്ങളെ ഉൾപ്പെടുത്തി ചാത്തങ്കേരി സിഎച്ച്എസിൽ നടത്തിയ ബോധവത്ക്കരണ ക്ലാസ്സ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സതീഷ് ചാത്തങ്കേരി ഉദ്ഘാടനം ചെയ്തു. പെരിങ്ങര പഞ്ചായത്ത് പ്രസിഡന്റ് ഏലിയാമ്മ തോമസ് അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ മണികണ്ഠൻ മുഖ്യ പ്രഭാഷണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് രാജൻ വർഗീസ്, ചാത്തങ്കേരി സിഎച്ച്സി മെഡിക്കൽ ഓഫീസർ ഡോക്ടർ സുനിതാ കുമാരി എന്നിവർ സംസാരിച്ചു. ചാത്തങ്കേരി സിഎച്ച്സി മെഡിക്കൽ ഓഫീസർ ഡോ. മാമ്മൻ ചെറിയാൻ പ്രഥമ ശുശ്രൂഷ എന്ന വിഷയത്തിൽ ക്ലാസ്സുകൾ നൽകി.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Vargheese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S, E-mail: prteamkshreeho@gmail.com